**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

30.11.2018 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 900

**നാദാപുരം മണ്ഡലത്തിലെ ആനശല്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നാദാപുരം മണ്ഡലത്തിലെ മലയോര പ്രദേശങ്ങളിൽ ആനകൾ ഇറങ്ങി കൃഷിനാശം ഉണ്ടാക്കി ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് തടയാൻ എന്തൊക്കെ നടപടികൾ നാളിതു വരെ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) ആനകൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി തരിപ്പ, ഉറിതൂക്കി, അത്തായക്കുന്ന്, ചൂരണി, കരിങ്ങാട്, വൃന്ദാവനം, പൂവ്വാട്ടിക്കൽ എന്നീ ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആനകളെ വിരട്ടിയോടിക്കുന്നതിനായി വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുമൂലം കർഷകർക്ക് എത്ര രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്നുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; | (സി) ഈ സർക്കാരിന്റെ കാലയളവിൽ നാദാപുരം മണ്ഡലത്തിലെ മലയോര പ്രദേശങ്ങളിൽ ആനകളുടെ ആക്രമണം കാരണം ഏകദേശം 12.50 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. |
| (ഡി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ഈ കാലയളവിൽ എന്തൊക്കെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) ഇക്കാലയളവിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് 12,47,768/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ